# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1384 — 06.03.2018-ൽ മറുപടിയ്ക്ക്.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ എത്ര കിലോമീറ്റർ റോഡ് ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കണക്ക് ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. വിവിധ ജില്ലകളിലായി പഞ്ചായത്തുകൾക്ക് കീഴിൽ ആകെ 131497.2 കിലോമീറ്റർ റോഡുകൾ ഉണ്ട്. സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിൽ 10,158.558 കിലോ മീറ്റർ റോഡുകളും മുനിസിപ്പാലിറ്റിയിൽ 20,173.692 കിലോമീറ്റർ റോഡുകളും ഉൾപ്പെടെ നഗരകാര്യ വകുപ്പിനു കീഴിൽ ആകെ 30332.25 കിലോമീറ്റർ റോഡുകൾ ഉണ്ട്. ജില്ല തിരിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കേരളത്തിലെ വിവിധ പഞ്ചായത്ത് റോഡുകൾ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നത് മൂലം ജനങ്ങൾ യാത്രാക്ലേശം അനുഭവിക്കുന്നത് വിലയിരുത്തി ഈ റോഡുകൾ പുനരുദ്ധരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (ബി) | ഗ്രാമസഭ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി പദ്ധതി വിഹിതത്തിനുപുറമെ |

| | | | |
|---|---|---|---|
| | | | മെയിന്റനൻസ് ഗ്രാന്റ്, എം.പി. എം.എൽ.എ ഫണ്ടുകളും വിനിയോഗിക്കുന്നു. കൂടാതെ എം.ജി.എൻ. ആർ.ഇ.ജി.എസ് പദ്ധതിയിലുൾപ്പെടുത്തി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് എന്നീ പ്രവൃത്തികളും നടത്തി വരുന്നു. നഗരസഭകൾക്ക് അനുവദിച്ച നൽകുന്ന മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട് ഉപയോഗിച്ച് നഗരസഭകളുടെ റോഡുകൾ പുനരുദ്ധരിച്ച് സഞ്ചാര യോഗ്യമാക്കി വരുന്നുണ്ട്. |
| (സി) | ഈ പഞ്ചായത്ത് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏതൊക്കെ ഫണ്ടുകളാണ് ഉപയോഗിച്ച വരുന്നത്; വിശദമാക്കുമോ; | (സി) | പദ്ധതി വിഹിതം , വികസന ഫണ്ട് (ജനറൽ, എസ്.സി.പി, ടി.എസ്.പി), മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട്, തനതു ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കെ.എൽ.ജി.എസ്.ഡി.പി, എം.പി, എം.എൽ .എ ഫണ്ട്, പി.എം.ജി.എസ്.വൈ, ലോക ബാങ്ക് വിഹിതം എന്നീ ഫണ്ടുകളാണ് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പ്രധാനമായും ഗ്രാമപഞ്ചായത്തുകൾ ഉപയോഗിച്ച വരുന്നത്. നഗരസഭകളുടെ റോഡുകൾ പുനരുദ്ധാരണത്തിനായി സർക്കാർ ഗ്രാന്റ് ആയ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട്, 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, നഗരസഭയുടെ തനത് ഫണ്ട് എന്നിവ ഉപയോഗിച്ച വരുന്നു. |
| (ഡി) | ഇതിലേയ്ക്കായി കേന്ദ്രഫണ്ട് ലഭിക്കാറുണ്ടോ; വിവരിക്കുമോ? | (ഡി) | സംസ്ഥാന സർക്കാർ മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ ഫണ്ടുകൾ ലഭിക്കുന്നത്. നബാർഡ്, ബി.ആർ.ജി.എഫ്. വെള്ളപ്പൊക്ക പ്രകൃതിക്ഷോഭം തുടങ്ങിയ കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ചില പഞ്ചായത്തുകൾക്ക് ലഭിക്കാറുണ്ട്. നഗരസഭകളുടെ റോഡുകൾ |

| | | | |
|---|---|---|---|
| | | | പുനരുദ്ധരിക്കാനായി കേന്ദ്ര ഫണ്ടായ 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ വിവരം

| ക്രമ നമ്പർ | ജില്ല | പഞ്ചായത്ത് വകുപ്പ് കി.മി. | നഗരകാര്യ വകുപ്പ് കി.മി. |
|---|---|---|---|
| 1 | തിരുവനന്തപുരം | 13201.98 | 6428.15 |
| 2 | കൊല്ലം | 8303.85 | 2470.84 |
| 3 | ആലപ്പുഴ | 8757.74 | 1124 |
| 4 | പത്തനംതിട്ട | 7205.86 | 740.92 |
| 5 | കോട്ടയം | 9985.24 | 2111.76 |
| 6 | ഇടുക്കി | 6656.56 | 421.69 |
| 7 | എറണാകുളം | 13495.05 | 3912.63 |
| 8 | തൃശ്ശൂർ | 9144.85 | 2100.37 |
| 9 | പാലക്കാട് | 9471 | 1743.86 |
| 10 | മലപ്പുറം | 11084.1 | 2463.25 |
| 11 | വയനാട് | 5018 | 566.87 |
| 12 | കോഴിക്കോട് | 13044.8 | 3266.18 |
| 13 | കണ്ണൂർ | 9152.21 | 2331.35 |
| 14 | കാസറഗോഡ് | 6975.96 | 650.35 |
| | **ആകെ** | **1,31,497.2** | **30,322.25** |

Shradadevi
സെക്ഷൻ ഓഫീസർ